**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1020** **07-12-2022 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പ് മേഖലയിലെ പൊതുമരാമത്ത് റോഡ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ വനം വകുപ്പ് മേഖലയിൽ കൂടി കടന്ന് പോകുന്ന കള്ളാർ ഗ്രാമപഞ്ചായത്തിലെ ചുള്ളിക്കര-കൊട്ടോടി-കുറ്റിക്കോൽ പൊതുമരാമത്ത് റോഡിന് വീതിയില്ലാത്തതിനാൽ നിത്യേന അപകടങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ വനം വകുപ്പ് മേഖലയിൽ കൂടി കടന്നു പോകുന്ന കള്ളാർ ഗ്രാമപഞ്ചായത്തിലെ ചുള്ളിക്കര-കൊക്കോടി-കുറ്റിക്കോൽ റോഡിന് വീതി കുറവാണെങ്കിലും നിത്യേന അപകടങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പാറക്കൂട്ടങ്ങളും വളവുകളും ഉള്ള പ്രസ്തുത മേഖലയിൽ മരങ്ങൾ ഒന്നും മുറിക്കാതെ വീതികൂട്ടി അപകട രഹിതമാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം അപേക്ഷ പരിവേഷ് സോഫ്റ്റ് വെയർ വഴി യഥാവിധി യൂസർ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ റോഡ് വികസനവുമായി ബന്ധപ്പെട്ട് തുടർനടപടി സാധ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ